07
2025
മാർച്ച്
വെള്ളി
കുംഭം 23

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-6, Issue No.91 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-91 | പേജ് 4. വില 2.00 രൂപ




02 രാഷ്ട്ര പുനർനിർമാണത്തിൽ ക്രൈസ്തവ സമൂഹത്തിന്റെ പങ്ക് അതിശ്രേഷ്ഠം

03 വിവരാവകാശ നിയമത്തെ ദുർബലപ്പെടുത്താൻ കേന്ദ്രം: ഖാർഗെ

04 യൂണിവേഴ്സിറ്റി നിയമ ഭേദഗതി; പിവിസിയുടെ യോഗ്യത വെട്ടിക്കുറയ്ക്കാൻ നീക്കം

## കൊലക്കേസ് പ്രതിയെ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തി

തിരുവനന്തപുരം: കൊലക്കേസിൽ ജാമ്യത്തിലിറങ്ങിയ പ്രതിയെ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തി. നെടുമങ്ങാട്-നെട്ട സ്വദേശി സതീഷ് കുമാറിനെയാണ് വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. മൃതദേഹത്തിനു നാല് ദിവസത്തെ പഴക്കം ഉണ്ട്. ഭാര്യയെ കൊലപ്പെടുത്തിയ കേസിൽ ജാമ്യത്തിലിറങ്ങിയ സതീഷ് വീട്ടിൽ ഒറ്റയ്ക്കായിരുന്നു താമസം. പോലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു.

തലയ്ക്ക് ക്ഷതമേറ്റ നിലയിലാണ് മൃതദേഹം കണ്ടെത്തിയതെന്നും വീടിന്റെ അടുക്കള വാതിൽ തുറന്ന നിലയിലാണെന്നും മരണത്തിൽ അസ്വഭാവികതയുണ്ടെന്നുമാണ് പോലീസ് പറയുന്നത്. രണ്ടു ദിവസമായി ഇയാളെ കാണാനില്ലാതിരുന്നതിനാൽ അന്വേഷിച്ചെത്തിയ സഹോദരനാണ് ഹാളിൽ അഴുകിൽ നിലയിൽ മൃതദേഹം കണ്ടത്. 2021 ഏപ്രിലിലാണ് സതീഷ് ഭാര്യയെ വെട്ടിക്കൊലപ്പെത്തിയത്. ഒരു വർഷത്തിന് ശേഷം ജാമ്യത്തിലിറങ്ങിയ സതീഷ് വീട്ടിൽ ഒറ്റയ്ക്കായിരുന്നു താമസം.

## ബന്ദികളെ വിട്ടയച്ചില്ലെങ്കിൽ ഹമാസിനെ പൂർണമായി നശിപ്പിക്കും: ട്രംപ്

വാഷിംഗ്ടൺ: ബന്ദികളെ വിട്ടയക്കുന്നതിൽ ഹമാസിന് അന്ത്യശാസനവുമായി ട്രംപ്. ബന്ദികളെ വിട്ടയച്ചില്ലെങ്കിൽ ഹമാസിനെ പൂർണമായി നശിപ്പിക്കുമെന്നാണ് മുന്നറിയിപ്പ്, സഹകരിച്ചില്ലെങ്കിൽ ഇസ്രയേലിന് എല്ലാ സഹായവും അമേരിക്ക നൽകും. ഗാസയിൽനിന്ന് ഹമാസ് പിൻമാറിയില്ലെങ്കിൽ ഒരാളും സുരക്ഷിതരായിരിക്കില്ല. ഹമാസുമായി നേരിട്ട് ചർച്ച നടത്തിയതിനു പിന്നാലെയാണ് ട്രംപിന്റെ പ്രതികരണം.

# ബിജെപിയുടേത് നവഫാസിസം: കാരാട്ട്



കൊല്ലം: രാജ്യത്ത് സി.പി.എമ്മിന്റെ ഏറ്റവും വലിയ ഘടകം കേരള ഘടകമാണ് എന്ന് വിശേഷിപ്പിച്ചുകൊണ്ടാണ് പൊളിറ്റ് ബ്യൂറോ കോർഡിനേറ്റർ പ്രകാശ് കാരാട്ട് സി.പി.എം. സംസ്ഥാന സമ്മേളന ഉദ്ഘാടന പ്രസംഗം ആരംഭിച്ചത്. നരേന്ദ്ര മോദി സർക്കാരിനെതിരായ നയരേഖയിലെ നവഫാസിസം എന്ന വിശേഷണം വിവാദമായ സാഹചര്യത്തിൽ എന്തുകൊണ്ട് അങ്ങനെ എന്ന് വ്യക്തമാക്കാനും അദ്ദേഹം ശ്രമിച്ചു.

2018ലെ ഹൈദരബാദ് പാർട്ടി കോൺഗ്രസിൽത്തന്നെ ഫാസിസ്റ്റ് സർക്കാരിനേക്കുറിച്ച് കൃത്യമായി പറഞ്ഞിരുന്നു. ഏഴ് വർഷം പിന്നിടുമ്പോൾ പുതിയ ഫാസിസ്റ്റ് പ്രവണതകളാണ് രാജ്യത്തുണ്ടാകുന്നത്. അതുകൊണ്ടാണ് നിയോഫാസിസം അഥവാ നവഫാസിസം എന്ന് വിശേഷിപ്പിക്കുന്നത്. അത് ക്ലാസിക്കൽ ഫാസിസം പോലെയല്ല. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തെ മൂന്നോ നാലോ ദശാബ്ദക്കാലത്ത് കണ്ടതുപോലെയുള്ള ഫാസിസമല്ല ഇന്നുള്ളത്. പുതിയ പ്രവണതയാണ് കാണുന്നത്. മതന്യൂനപക്ഷങ്ങളെയോ ഏതെങ്കിലും വംശങ്ങളേയോ ലക്ഷ്യമിട്ട് അപരനെ, ശത്രുവിനെ നിർമ്മിക്കുന്ന ഹിന്ദുത്വ പ്രത്യശാസ്ത്രമാണ് കാണുന്നത്. ആർ.എസ്.എസ്. ഫാസിസ്റ്റ് ആശങ്ങൾ സർക്കാരിൽ ബി.ജെ.പിയിലൂടെ ഇടപെട്ട് എല്ലാ ഭരണഘടാസ്ഥാപനങ്ങളിലും നുഴഞ്ഞുകയറി സാംസ്കാരിക, വിദ്യാഭ്യാസ രംഗത്ത് പൊളിച്ചെഴുത്ത് നടത്തുന്നുവെന്നും കാരാട്ട് പറഞ്ഞു.

ബി.ജെ.പിക്കെതിരായ പോരാട്ടത്തിൽ കോൺഗ്രസിന്റെ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് വി.ഡി സതീശന്റെ പേരെടുത്ത് പറഞ്ഞുകൊണ്ട് കാരാട്ട് വിമർശിച്ചു. ഹൈദരബാദ് രാഷ്ട്രീയ പ്രമേയത്തിൽ തന്നെ യെച്ചൂരി ഫാസിസത്തെക്കുറിച്ച് പ്രതിപാദിച്ചിരുന്നു. അന്ന് അദ്ദേഹം ജനറൽ സെക്രട്ടറിയായിരുന്നുവെന്ന കാര്യവും കാരാട്ട് ഓർമിപ്പിച്ചു. ഈ സമ്മേളന കാലയളവിൽ തന്നെ ആർ.എസ്എസ്സിനാൽ ആറ് പേർ രക്തസാക്ഷികളായത് മാത്രം മതി ആരാണ് ബി.ജെ.പിക്കെതിരെ പോരാടുന്നതെന്ന് മനസ്സിലാക്കാൻ. നവഉദാരവത്കരണ പ്രവണത ശക്തിപ്പെടുമ്പോൾ കോൺഗ്രസ് തരംതാണ രാഷ്ട്രീയം കളിക്കുകയാണ്. രാജ്യത്തെ ഹിന്ദുത്വ കോർപറേറ്റ് ആധിപത്യത്തിന് ശ്രമിക്കുന്ന ഫാസിസ്റ്റ് പ്രത്യയശാസ്ത്രം പിന്തുടരുന്ന സർക്കാരിനെ ചെറുത്ത് തോൽപിച്ചേ മതിയാകൂവെന്നും അദ്ദേഹം പറഞ്ഞു.

ചൈന വലിയ വെല്ലുവിളിയായി മാറിയതായി ട്രംപ് തുറന്നു സമ്മതിക്കുന്നതാണ് അദ്ദേഹത്തിന്റെ ആറാഴ്ചത്തെ ചില നടപടികളും പ്രതികരണങ്ങളും. അമേരിക്ക ഒന്നാമത് എന്ന നയത്തിലൂടെ പ്രസിഡന്റ് ട്രംപ് സാമ്രാജ്യത്വ ആധിപത്യത്തിനാണ് ശ്രമിക്കുന്നത്. ചൈനയുടെ മുന്നേറ്റം അമേരിക്കയ്ക്ക് വലിയ വെല്ലുവിളി സൃഷ്ടിക്കുന്നു. സാമ്പത്തിക സാങ്കേതിക സൈനിക മേഖലകളിൽ ചൈന ഏതാണ്ട് അമേരിക്കയോട് കിടപിടിക്കുന്നു. അത് മറികടക്കാൻ സാമ്രാജ്യത്വ ആധിപത്യം നേടാനാണ് നോക്കുന്നത്. ചൈനയെ എങ്ങനെ ഒറ്റപ്പെടുത്താം, ദുർബലപ്പെടുത്താം, ഒതുക്കാം എന്നാണ് ട്രംപ് നോക്കുന്നത്. ആദ്യം 10 ശതമാനവും കഴിഞ്ഞ ആഴ്ച 20 ശതമാനവുമായി ചൈനീസ് ഉത്പന്നങ്ങളുടെ താരിഫ് വർധിപ്പിച്ചു. വ്യാപാരയുദ്ധത്തിനാണ് നീക്കം. അത് കാനഡയുമായും യൂറോപ്പുമായും ഒക്കെ നടക്കുന്നു. ബൈഡന്റെ കാലത്ത് യൂറോപ്പിനെയും ജി. രാജ്യങ്ങളേയും ഒന്നിച്ചുനിർത്തി. ഇന്ന് ട്രംപ് യൂറോപ്പിനോട് പോലും വ്യാപാര യുദ്ധം പ്രഖ്യാപിക്കുന്നുവെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ഇന്ത്യയാകട്ടെ എക്കാലത്തും പലസ്തീനൊപ്പമായിരുന്നു. ഗാസ യുദ്ധകാലത്ത് ഇതാദ്യമായി തീവ്രവലതുപക്ഷമായ മോദി സർക്കാർ ഇസ്രയേലിനെ പിന്തുണച്ചു. അത് മാത്രമല്ല, അവിടേക്ക് ആയുധങ്ങൾ കയറ്റുമതിചെയ്തു. അത് അവർ യുദ്ധത്തിൽ ഉപയോഗിച്ചു. അമേരിക്കയോടൊപ്പം ചേർന്ന് ക്വാഡിന്റെ ഭാഗമായി. ജപ്പാനും ഓസ്ട്രേലിയക്കുമൊപ്പം ഇന്ത്യയും ചേർന്നു. ക്വാഡിന്റെ ഒറ്റ ലക്ഷ്യം ചൈനക്കെതിരായ സഖ്യമാണ്. ക്വാഡിന്റെ അടുത്ത ഉച്ചകോടി ഇന്ത്യയിൽവെച്ച് നടത്താമെന്ന് അറിയിക്കുകയും അതിൽ പങ്കെടുക്കാൻ ക്ഷണിക്കുകയുമാണ് വാഷിങ്ടണിൽ പോയി ട്രംപിനെ കണ്ട മോദി ചെയ്തത്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് തിരിച്ചടിയേറ്റു.

# ഇപിക്കും സജി ചെറിയാനും രൂക്ഷ വിമർശനം

കൊല്ലം: സിപിഎം സംസ്ഥാന സമ്മേളനത്തിൽ ഇ.പി. ജയരാജനും മന്ത്രി സജി ചെറിയാനുമെതിരെ കടുത്ത വിമർശനം. സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ അവതരിപ്പിച്ച പ്രവർത്തന റിപ്പോർട്ടിലാണ് വിമർശനം ഉയർന്നത്. എൽഡിഎഫ് കൺവീനർ സ്ഥാനത്ത് നിന്ന് ഇപിയെ നീക്കിയത് പ്രവർത്തന വീഴ്ചകളെ തുടർന്നാണ്.

ഇ. പി. ജയരാജൻ സെക്രട്ടേറിയറ്റ് പ്രവർത്തനങ്ങളിൽ നിന്നും മാറി നിന്നത് ഗൗരവകരമാണ്. സമ്മേളന സമയത്ത് മാത്രമാണ് ഇപി സജീവമായതെന്നും റിപ്പോർട്ടിൽ വിമർശനമുണ്ട്. പാർട്ടിയിൽ മോശം പ്രവണത വർദ്ധിക്കുന്നുവെന്നും സംഘടന റിപ്പോർട്ടിൽ പറയുന്നു.

സജി ചെറിയാൻ രാജി വയ്ക്കേണ്ടി വന്ന പശ്ചാത്തലത്തിൽ കൂടിയാണ് റിപ്പോർട്ടിൽ പരാമർശം. സഹകരണ ബാങ്ക് ക്രമക്കേടിനെ കുറിച്ചും റിപ്പോർട്ടിൽ പരാമർശമുണ്ട്. പാർട്ടി നേതാക്കളും അംഗങ്ങളും എടുക്കുന്ന വായ്പ തിരിച്ചടയ്ക്കാത്തത് ബാങ്കുകൾക്ക് വലിയ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

ഇതേ തുടർന്ന് കോടികളുടെ സാമ്പത്തിക ബാധ്യത പല സഹകരണ ബാങ്കുകൾക്കുമുണ്ട്. വായ്പ തിരിച്ചടയ്ക്കണമെന്ന സർക്കുലർ ആരും കണക്കിലെടുക്കുന്നില്ല. സാമ്പത്തിക ക്രമക്കേട് പാർട്ടിയുടെ പ്രതിച്ഛായയ്ക്ക് വലിയ കളങ്കമാണ് സൃഷ്ടിച്ചതെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

ഇനിയും കോൺഗ്രസിൽ നിന്നും ആളുവരുമെന്നും റിപ്പോർട്ടിൽ പറയുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെയും കാസയുടെയും പ്രവർത്തനം പ്രതിരോധിക്കണം. അൻവറിനെ പോലെയുള്ള സ്വതന്ത്രന്മാരെ പാർട്ടിയിലേക്ക് അടുപ്പിക്കുമ്പോൾ ശ്രദ്ധ വേണം. പാലക്കാട് സരിനെ ഉപയോഗിച്ചുള്ള പരീക്ഷണം വിജയമെന്നും പ്രവർത്തന റിപ്പോർട്ടിൽ പറയുന്നു.



## സമാധാനത്തിനുള്ള നൊബേൽ സമ്മാനം; പട്ടികയിൽ ട്രംപും ഫ്രാൻസിസ് മാർപാപ്പയും

വാഷിങ്ടൺ: ഈ വർഷത്തെ സമാധാനത്തിനുള്ള നൊബേൽ സമ്മാനത്തിനായി വ്യക്തികളും സംഘടനകളും ഉൾപ്പെടെ 300 ഓളം പേരെ നാമനിർദേശം ചെയ്തതായി നോർവീജിയൻ നൊബേൽ ഇൻസ്റ്റിറ്റ്യൂട്ട്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്, ഫ്രാൻസിസ് മാർപാപ്പ, നാറ്റോ സെക്രട്ടറി ജനറൽ ജെൻസ് സ്റ്റോൾടെൻബർഗ്, യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറെസ് തുടങ്ങിയവർ നാമനിർദേശം ചെയ്യപ്പെട്ടവരുടെ പട്ടികയിലുണ്ടെന്നാണ് വിവരം.

ട്രംപിനെ നാമനിർദേശം ചെയ്യുമെന്ന് യു.എസ് കോൺഗ്രസ് അംഗമായ ഡാരെൽ ഇസ്സ സാമൂഹികമാധ്യമങ്ങളിലൂടെ വെളിപ്പെടുത്തി. സമാധാന നൊബേലിന് ട്രംപിനെക്കാൾ അർഹതയുള്ളയാൾ ആളില്ലെന്നാണ് എക്സിൽ അദ്ദേഹം കുറിച്ചത്. മിഡിൽ ഈസ്റ്റിൽ ട്രംപ് നടത്തിയ സമാധാനപ്രവർത്തനങ്ങൾക്കാണ് ട്രംപിനെ നാമനിർദേശം ചെയ്തത്. അതേസമയം നൊബേലിന് നാമനിർദേശം ചെയ്യാനുള്ള അവസാന തീയതി കഴിഞ്ഞാണ് ഇസ്സയുടെ നാമനിർദേശം. മുൻപും ട്രംപിനെ സമാധാന നൊബേലിന് നാമനിർദേശം ചെയ്തിരുന്നു.

ഒക്ടോബറിലായിരിക്കും പുരസ്കാരജേതാവിനെ പ്രഖ്യാപിക്കുക. ഈ വർഷത്തെ നൊബേലിന് 244 വ്യക്തികളും 94 സംഘടനകളും ഉൾപ്പെടെ 338 നാമനിർദേശങ്ങളാണ് ലഭിച്ചത്. കഴിഞ്ഞവർഷം ഇത് 286 നാമനിർദേശങ്ങളായിരുന്നു. 2016ലാണ് റെക്കോഡ് നാമനിർദേശങ്ങൾ സമർപ്പിക്കപ്പെട്ടത് 376.

## എസ്ഡിപിഐ ഓഫീസുകളിൽ രാജ്യവ്യാപക റെയ്ഡ്

മലപ്പുറം: എസ്ഡിപിഐയുമായി ബന്ധപ്പെട്ട് രാജ്യവ്യാപക റെയ്ഡ്. ഡൽഹിയിലെ ദേശീയ ആസ്ഥാനത്ത് അടക്കം 14 ഇടങ്ങളിലാണ് പരിശോധന നടക്കുന്നത്.

കേരളത്തിൽ മലപ്പുറത്ത് ഉൾപ്പെടെ മൂന്നിടത്താണ് പരിശോധന. കനത്ത സുരക്ഷാ വിന്യാസത്തിലാണ് റെയ്ഡ് പുരോഗമിക്കുന്നത്. എസ്ഡിപിഐ ദേശീയ പ്രസിഡൻറ് എം. കെ. ഫൈസിയുടെ അറസ്റ്റിന് പിന്നാലെയാണ് ഇഡി നടപടി. എസ്ഡിപിഐയുടെ സാമ്പത്തിക ഇടപാട് നിയന്ത്രിക്കുന്നത് നിരോധിത സംഘടനയായ പിഎഫ്ഐ ആണെന്നാണ് ഇഡി ആരോപിക്കുന്നത്. എസ്ഡിപിഐക്കായി തെരഞ്ഞെടുപ്പ് ഫണ്ട് നൽകുന്നത് പോപ്പുലർ ഫ്രണ്ടിൽ നിന്നാണ്. എസ്ഡിപിഐ സ്ഥാനാർഥികളെ തീരുമാനിക്കുന്നത് പിഎഫ്ഐ ആണ്. ആന്തരികമായി ഒരു ഇസ്‌ലാമിക പ്രസ്ഥാനമായും ബാഹ്യമായി സാമൂഹിക പ്രസ്ഥാനമായും ഇവർ പ്രവർത്തിക്കുന്നതായും ഇഡി വ്യക്തമാക്കിയിരുന്നു.

## ജയശങ്കറിന് നേരെ ലണ്ടനിൽ ആക്രമണശ്രമം; ഇന്ത്യൻ പതാക കീറി പാഞ്ഞടുത്ത് ഖലിസ്താൻവാദികൾ

ലണ്ടൻ: ഇന്ത്യയുടെ വിദേശകാര്യമന്ത്രി എസ്. ജയശങ്കറിന് നേരെ ആക്രമണശ്രമം. ഖലിസ്താൻവാദികളാണ് ജയശങ്കറിനെ ആക്രമിക്കാൻ ലക്ഷ്യമിട്ട് പാഞ്ഞടുത്തത്. മറ്റ് പ്രശ്നങ്ങളില്ലാത്തതിനാൽ മന്ത്രിയുടെ വാഹനവ്യൂഹം സുരക്ഷയോടെ കടന്നുപോയി.



സംഭവത്തിന്റെ ദൃശ്യങ്ങൾ സാമൂഹികമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. ജയശങ്കറിനെതിരേ മുദ്രാവാക്യങ്ങളുമായി ഒട്ടേറെ ഖലിസ്താൻവാദികളാണ് പതാകയേന്തി നിന്നിരുന്നത്. അതിനിടെ, മന്ത്രി കാറിൽ കയറുന്നതിന് പുറത്തേക്കെത്തിയപ്പോഴാണ് അക്രമി ഇന്ത്യൻ പതാക കീറിക്കൊണ്ട് ജയശങ്കറിനെ ലക്ഷ്യംവെച്ച് ഓടിയടുത്തത്. എന്നാൽ, നിമിഷങ്ങൾക്കകം സുരക്ഷാ ഉദ്യോഗസ്ഥരെത്തി ഇയാളെ കീഴ്പ്പെടുത്തുകയായിരുന്നു. ജയശങ്കർ ചർച്ചയിൽ പങ്കെടുക്കുന്ന വേദിക്ക് പുറത്ത് നിന്ന് ഖലിസ്താൻ വാദികൾ പ്രതിഷേധിക്കുന്നതിന്റെ മറ്റൊരു വീഡിയോയും പ്രചരിക്കുന്നുണ്ട്. സന്ദർശനത്തിന്റെ ഭാഗമായി മാർച്ച് നാല് മുതൽ ഒമ്പത് വരെ ജയശങ്കർ യു.കെയിലാണ്.

## മന്ത്രിയുടെ പ്രസ്താവന സ്വാഗതാർഹം: കെഎൽസിഎ

തിരുവനന്തപുരം: ലത്തീൻ കത്തോലിക്ക സമുദായ സർട്ടിഫിക്കറ്റിനു പൂർവികരുടെ ഔദ്യോഗിക രേഖകൾ അനിവാര്യമല്ലെന്ന മന്ത്രിയുടെ പ്രസ്താവന സ്വാഗതാർഹമെന്ന് കേരള ലത്തീൻ കത്തോലിക്ക അസോസിയേഷൻ. ഗുണഭോക്താവും അയാളുടെ രക്ഷകർത്താവും ലത്തീൻ കത്തോലിക്ക സഭാംഗമാണോ എന്ന് പ്രാദേശിക അന്വേഷണം നടത്തി സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ റവന്യൂ അധികാരികൾ തയാറാകണം. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രകാരം ബിഷപുമാർ സഭാരേഖകൾ അനുസരിച്ചു നൽകുന്ന സാക്ഷ്യപത്രം ആധികാരികമാക്കി മാറ്റി നടപടികൾ സ്വീകരിക്കണമെന്നും കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ സംസ്ഥാന സർക്കാരിനോടാവശ്യപ്പെട്ടു. പ്രസിഡൻറ് ഡി. ജി. അനിൽജോസ് അധ്യക്ഷത വഹിച്ച യോഗത്തിൽ അൽമായ ഡയറക്ടർ ഫാ. എസ്. എം. അനിൽകുമാർ, ജനറൽ സെക്രട്ടറി പി. ജോൺ സുന്ദർരാജ്, ജെ. രാജേന്ദ്രൻ, ജെ. അഗസ്റ്റിൻ, എഫ്. ഫെലിക്സ്, ടി. രാജൻ, സി. ടഡി. അനിത, ഷാജികുമാർ തിരുപുറം, ആർ. സുനിൽരാജ്, സുരേഷ് ജോസഫ്, വി. എൻ. സൗമ്യ എന്നിവർ പ്രസംഗിച്ചു.



# രാഷ്ട്ര പുനർനിർമാണത്തിൽ ക്രൈസ്തവ സമൂഹത്തിന്റെ പങ്ക് അതിശ്രേഷ്ഠം: ഡോ. സി. വി. ആനന്ദ ബോസ്

കോട്ടയം: ഭാരതമെന്ന മനോഹര നൗകയെ ലക്ഷ്യത്തിലെത്താൻ സഹായിക്കുന്ന അദൃശ്യമായ മന്ദമാരുതനാണു ക്രൈസ്തവ സമൂഹമെന്നും സേവന സന്നദ്ധരായ ക്രൈസ്തവ പുരോഹിതരുടെയും കന്യാസ്ത്രീകളുടെയും ആത്മായ സമൂഹത്തിന്റെയും രാഷ്ട്രപുനർനിർമാണത്തിലുള്ള സംഭാവനകൾ അതിശ്രേഷ്ഠമാണെന്നും പശ്ചിമബംഗാൾ ഗവർണർ ഡോ. സി. വി. ആനന്ദ ബോസ്.

ചർച്ച് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ കോട്ടയം വിമലഗിരി പാസ്റ്ററൽ സെൻറൽ നടന്ന നാഷണൽ ക്രിസ്ത്യൻ ലീഡേഴ്സ് കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദേശീയ ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ ഇഖ്ബാൽ സിംഗ് ലാൽപ്പുര അധ്യക്ഷത വഹിച്ചു.

സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ മുഖ്യപ്രഭാഷണം നടത്തി. അതിസൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പ്രത്യേക സംരക്ഷണം ഉറപ്പുവരുത്തുന്നതോടൊപ്പം ന്യൂനപക്ഷ കമ്മീഷനിൽ ക്രൈസ്തവ സമൂഹത്തിന് മതിയായ പ്രാതിനിധ്യവും ലഭിക്കണമെന്ന് മാർ തട്ടിൽ പറഞ്ഞു.

കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ നേരിട്ടു നടപ്പാക്കിയെങ്കിൽ മാത്രമേ വിതരണത്തിലെ തുല്യത ഉറപ്പാക്കാൻ കഴിയുകയുള്ളുവെന്നും അദ്ദേഹം പറഞ്ഞു.

ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രധാനസന്ദേശം നൽകി. ഗോവ വ്യവസായമന്ത്രി മൗവിൻ ഗോഡിൻഹോ, മാർ സാമുവേൽ തെയോഫിലോസ് മെത്രാപ്പോലീത്ത, സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്ത, കുര്യാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത, തോമസ് മാർ തീമോത്തിയോസ് എപ്പിസ്കോപ്പ, ബിഷപ് സിൽവാൻസ് ക്രിസ്ത്യൻ, ബിഷപ് തിമോത്തി രവീന്ദർ, ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത, ചർച്ച് ഓഫ് ഇന്ത്യ ജനറൽ സെക്രട്ടറി ഡോ. പ്രകാശ് പി. തോമസ്, അസോസിയേറ്റ് സെക്രട്ടറി ഫാ. സിറിൽ തോമസ് തയ്യിൽ, ട്രഷറർ ഡോ. സസ്മിത് പത്ര എംപി എന്നിവർ പ്രസംഗിച്ചു.

ചർച്ച് ഓഫ് ഇന്ത്യ കോൺക്ലേവിന്റെ ആവശ്യങ്ങൾ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുമെന്ന് ഗവർണർ ഉറപ്പു നൽകി.

# കാട്ടുപന്നി ശല്യം; ശാശ്വത പരിഹാരം കാണാൻ നിർദേശം

തിരുവനന്തപുരം: ഗോത്രസമൂഹത്തിന്റെ പരമ്പരാഗത അറിവുകളും വിജ്ഞാനവും കൈമുതലാക്കി മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ ഒരു സമവായം കണ്ടെത്തുവാനാണ് വനം വകുപ്പ് ശ്രമിക്കുന്നതെന്ന് വനം, വന്യജീവി മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു.

തിരുവനന്തപുരം പേപ്പാറ പൊടിയക്കാലയിൽ 'ഗോത്രഭേരി' സെമിനാറുകളുടെ സംസ്ഥാനതല ഉത്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ വനം മേഖലയെ ദോഷകരമായി ബാധിക്കുന്ന ചെറുതും വലുതുമായ പ്രശ്നങ്ങൾ നാട്ടറിവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ആധുനിക കാലത്തിന്റെ അനിവാര്യതയുമായി പൊരുത്തപ്പെട്ടു പ്രവർത്തിക്കുന്നതിനുള്ള പരിപാടി ആസൂത്രണം ചെയ്യുകയാണ് ഗോത്രഭേരിയിലൂടെ ശ്രമിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കൂടാതെ കാട്ടുപന്നി ശല്യം രൂക്ഷമായിട്ടുള്ള തിരഞ്ഞെടുത്ത പഞ്ചാത്തുകളിൽ അടുത്ത ഒരാഴ്ചക്കാലം പഞ്ചായത്ത്, വിഎസ്എസ്, ജന ജാഗരണ സമിതി തുടങ്ങിയവരെ ഉൾകൊള്ളിച്ചു മനുഷ്യ വന്യ ജീവി സംഘർഷത്തിന് ശാശ്വത പരിഹാരം കാണാനും ശശീന്ദ്രൻ നിർദേശം നൽകി.

ജി സ്റ്റീഫൻ, എം എൽ എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി കൃഷ്ണൻ ഐ എഫ് എസ്, പട്ടിക വർഗ വികസന വകുപ്പ് ഡയറക്ടർ ഡ്യ. രേണു രാജ് ഐഎഎസ്, ചീഫ് ഫോറെസ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ) ഡ്യ. കമലാഹർ ഐ,എഫ്,എസ്., ഡിവിഷണൽ ഫോറെസ്റ് ഓഫീസർ അനിൽ ആന്റണി ഐ,എഫ്എസ്, ഫോറെസ്റ് ഡെപ്യൂട്ടി കൺസർവേറ്റർ രാജു കെ ഫ്രാൻസിസ് ഐ,എഫ്എസ് എന്നിവർ പങ്കെടുത്തു. ഇന്നലെ നടന്ന ആദ്യ സെമിനാറിൽ 31 ഉന്നതികളിൽ നിന്നുള്ള 150 പ്രതിനിധികൾ പങ്കെടുത്തു. കാട്ടുപോത്തും, കാട്ടുപന്നി, മ്ലാവ് തുടങ്ങിയ മൃങ്ങങ്ങളാണ് പ്രധാനമായും കൃഷിനാശത്തിനും മറ്റു പ്രശ്ങ്ങൾക്കും കാരണമാകുന്നത് എന്ന് ഗോത്ര വർഗ പ്രതിനിധികൾ പറഞ്ഞു.

കേരളമൊട്ടാകെ 432 ഉന്നതികളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി 18 സെമിനാറുകളാണ് ആദ്യഘ'ത്തിൽ സംഘടിപ്പിക്കുത്. കേരള വനം-വന്യജീവി വകുപ്പും കേരള വന ഗവേഷണ സ്ഥാപനവും ട്രൈബൽ ഡിപ്പാർ്മെന്റും സഹകരിച്ചാണ് 'ഗോത്രഭേരി' സംഘടിപ്പിക്കുന്നത്.

# കൊച്ചുവേളിയിൽ തിമിംഗലസ്രാവ് വലയിൽ അകപ്പെട്ട് കരയ്ക്കടിഞ്ഞു

വലിയതുറ: കൊച്ചുവേളിയിൽ തിമിംഗല സ്രാവ് മത്സ്യബന്ധനത്തിനിടെ വലയിൽ കുടുങ്ങി കരയ്ക്കടിഞ്ഞു. ചൊവ്വാഴ്ച രാവിലെ 8.15 ഓടെയാണ് തിമിംഗല സ്രാവ് കൊച്ചുവേളി സ്വദേശി ബൈജുവിന്റെ വലയിൽ കുടുങ്ങിയത്.

രണ്ടു സ്രാവുകൾ കുടുങ്ങിയെങ്കിലും ഒരെണ്ണം കടലിലേയ്ക്ക് നീന്തി പോകുകയായിരുന്നതായി മത്സ്യത്തൊഴിലാളികൾ പറഞ്ഞു. വല വലിച്ചു കയറ്റുമ്പോഴാണ് വലയ്ക്കുള്ളിൽ സ്രാവുകൾ ഉണ്ടായിരുന്നത് മത്സ്യത്തൊഴിലാളികളുടെ ശ്രദ്ധയിൽപ്പെട്ടത്. കരയിൽ അകപ്പെട്ട തിമിംഗല സ്രാവിന് ഏകദേശം രണ്ടായിരം കിലോയോളം ഭാരം വരുമെന്നാണ് കണക്കുക്കൂട്ടൽ.

വിലപിടിപ്പുള്ള വലമുറിച്ച് സ്രാവിനെ കടലിലേയ്ക്ക് വിടാൻ മത്സ്യത്തൊഴിലാളികൾ ശ്രമിച്ചെങ്കിലും ശക്തമായ തിരയിൽ മണലിൽ പുതഞ്ഞ് അനങ്ങാൻ കഴിയാത്ത അവസ്ഥയിലായിരുന്നു സ്രാവ്. വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ പ്രവർത്തകരും മത്സ്യത്തൊഴിലാളികളും തിമിംഗല സ്രാവിനെ കടലിലേയ്ക്ക് തള്ളി വിടാനുള്ള ശ്രമം വളരെ വൈകിയും തുടരുകയാണ്. ബോട്ടിൽ കെട്ടിവലിച്ച് രക്ഷപ്പെടുത്താനാണ് ശ്രമം നടത്തുന്നത്. വിവരം വനം വകുപ്പിനെയും പോലീസിനെയും അറിയിച്ചിട്ടുണ്ട്.

# അപേക്ഷ ക്ഷണിച്ചു

കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയുടെ വിഴിഞ്ഞത്തുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ആരംഭിക്കുന്ന വെയർഹൗസ് അസോസിയേറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ലോജിസ്റ്റിക്സ് സെക്ടർ സ്കിൽ കൗൺസിലിന്റെ സർട്ടിഫിക്കേഷനോടുകൂടിയ സൗജന്യ കോഴ്സിലേക്ക് പത്താം ക്ലാസ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും https://csp.asapkerala.gov.in/courses/warehouse-aossciate സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക്: 9495999697.

# സംരംഭകത്വ ശിൽപശാല: അപേക്ഷ ക്ഷണിച്ചു

സംരംഭകർക്കായി അന്താരാഷ്ട്ര തൊഴിൽ സംഘടനയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റും ചേർന്ന് 6 ദിവസത്തെ ശിൽപശാല സംഘടിപ്പിക്കുന്നു. മാർച്ച് 10 മുതൽ 15 വരെ കളമശ്ശേരിയിലുള്ള ഗകഋഉ ക്യാമ്പസ്സിൽ നടക്കുന്ന പരിശീലനത്തിൽ സംരംഭകർക്ക് പങ്കെടുക്കാം. താൽപര്യമുള്ളവർ വഴ്േ:// സശലറ.ശിളീ/ൃേമശിശിഴരമഹലിറല്യ/ വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 30 പേർ മാത്രം ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 0484 2532890/ 2550322/ 9188922800.

# ലിംഗനീതി ഉൾച്ചേർത്ത വികസന മാതൃകകളുമായി കുടുംബശ്രീ അന്താരാഷ്ട്ര വനിതാ ദിനാഘോഷം

തിരുവനന്തപുരം: കുടുംബശ്രീയുടെ ഈ വർഷത്തെ അന്താരാഷ്ട്ര വനിതാ ദിനഘോഷം മാർച്ച് എട്ടിന് വയനാട് കൽപ്പറ്റയിൽ വിവിധ പരിപാടികളോടെ അരങ്ങേറും. 'എല്ലാ സ്ത്രീകൾക്കും കുട്ടികൾക്കും അവകാശങ്ങൾ സമത്വം ശാക്തീകരണം' എന്നതാണ് ഈ വർഷത്തെ അന്താരാഷ്ട്ര വനിതാദിന സന്ദേശം. കൽപ്പറ്റ ചന്ദ്രഗിരി ഓഡിറ്റോറിയത്തിൽ രാവിലെ പത്തിന് രജിസ്ട്രേഷൻ പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. അഡ്വ.ടി സിദ്ദിഖ് എം.എൽ.എ അധ്യക്ഷത വഹിക്കും. പ്രിയങ്കാ ഗാന്ധി എം.പി മുഖ്യാതിഥിയാകും. ജില്ലാ കളക്ടർ മേഘശ്രീ ഡി. ആർ മുഖ്യ പ്രഭാഷണം നടത്തും. നാഷണൽ റൂറൽ ലൈവ് ലിഹുഡ് മിഷൻ ജെൻഡർ കൺസൾട്ടൻറ് സുപർണ ആഷ് മുഖ്യാതിഥിയാകും.

തിരുവനന്തപുരം ജില്ലയിലെ ഹരിതകർമസേനാംഗവും കഥാകൃത്തുമായ ധനൂജ കുമാരി എസ്, ഫോറസ്റ്റ് ബീറ്റ് ഓഫീസർ റോഷ്നി ജി, എഴുത്തുകാരി ഷീല ടോമി എന്നിവർ ഉൾപ്പെടെ വിവിധ മേഖലകളിൽ നിന്നായി ഇരുപത്തഞ്ച് വനിതകളെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്.ദിനേശൻ എന്നിവർ ആദരിക്കും. നയിചേത്ന ദേശീയ ക്യാമ്പയിനോടനുബന്ധിച്ച് സംഘടിപ്പിച്ച ജില്ലാതല ഓപ്പൺ ഫോറങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ പ്രബന്ധങ്ങളുടെ പ്രകാശനം കൽപ്പറ്റ നഗരസഭാധ്യക്ഷൻ അഡ്വ.ടി.ജെ ഐസക് നിർവഹിക്കും.

കൽപ്പറ്റ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രിക കൃഷ്ണൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ ട്രെഷറർ എം.വി വിജേഷ്, കൽപ്പറ്റ സിഡി.എസ് അധ്യക്ഷ ദീപ എ.വി, കുടുംബശ്രീ ഡയറക്ടർ ബിന്ദു കെ.എസ് എന്നിവർ സംസാരിക്കും. ജില്ലാ മിഷൻ കോർഡിനേറ്റർ പി.കെ ബാലസുബ്രഹ്മണ്യൻ നന്ദി പറയും. ഉച്ചയ്ക്ക് ശേഷം 'ലിംഗനീതി ഉൾച്ചേർത്ത വികസന മാതൃകകൾ' എന്ന വിഷയത്തിൽ സിംപോസിയവും നടക്കും.

# എഡിഎമ്മിൻറേത് ആത്മഹത്യ തന്നെ; കാരണം പി. പി. ദിവ്യയുടെ പരാമർശങ്ങളെന്ന് കുറ്റപത്രം

കണ്ണൂർ: എഡിഎം നവീൻ ബാബുവിൻറേത് ആത്മഹത്യ തന്നെയെന്ന് കുറ്റപത്രം. ആത്മഹത്യയിലേക്ക് നയിച്ചത് സിപിഎം നേതാവ് പി. പി. ദിവ്യയുടെ പരാമർശമെന്നും കുറ്റപത്രത്തിൽ പറയുന്നു.

ഈ മാസം അവസാനത്തോടെയാണ് കണ്ണൂർ ജുഡീഷൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കുറ്റപത്രം സമർപ്പിക്കുക. കൊലപാതക സാധ്യതകൾ കുറ്റപത്രത്തിൽ പൂർണമായും തള്ളുന്നുണ്ട്.

നവീൻ ബാബുവിനെ യാത്രയയപ്പ് യോഗത്തിൽ അപമാനിക്കാൻ ആസൂത്രിത ശ്രമം നടന്നു. യാത്രയയപ്പ് യോഗത്തിന്റെ ദൃശ്യങ്ങൾ പ്രചരിച്ചതും നവീന് വിഷമമുണ്ടാക്കി. യോഗത്തിലേക്ക് പ്രാദേശിക ചാനലിനെ വിളിച്ച് വരുത്തുകയായിരുന്നെന്നും കുറ്റപത്രത്തിൽ പറയുന്നു.

കേസന്വേഷണത്തിൽ പിഴവുകളില്ലെന്നാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ നിരീക്ഷണം. ഈ സാഹചര്യത്തിലാണ് ഉടൻ കുറ്റപത്രം നൽകാൻ അന്വേഷണ സംഘം തീരുമാനിച്ചത്. ഡിഐജി ജി. എച്ച്. യതീഷ് ചന്ദ്രയുടെ നേതൃത്വത്തിലാണ് അന്വേഷണം പൂർത്തീകരിച്ചത്.

സിറ്റി പോലീസ് കമ്മീഷണർ നിധിൻരാജ്, എസിപി ടി. കെ. രത്നകുമാർ. ടൗൺ എസ്എച്ച്ഒ ശ്രീജിത്ത് കൊടേരി എന്നിവരടങ്ങിയ സംഘമാണ് അന്വേഷണം നടത്തിയത്. കൊലപാതകമെന്ന കുടുംബത്തിന്റെ പരാതി പരിഗണിച്ചും അന്വേഷണം നടന്നിരുന്നു.

# മാർച്ച് 7ന് അഭിമുഖം

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഭാഗമായ എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ കിളിമാനൂർ ടൗൺ എക്സ്ചേഞ്ചിൽ മാർച്ച് 7ന് രാവിലെ 10.30ന് വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതിനായി അഭിമുഖം നടത്തും. പ്ലസ് ടു, ഐ.ടി.ഐ, ഡിപ്ലോമ ബിരുദം, മറ്റ് പ്രൊഫഷണൽ യോഗ്യതയുള്ളവരും, 40 വയസിൽ താഴെ പ്രായമുള്ളതുമായ കിളിമാനൂരിലെയും സമീപ പ്രദേശങ്ങളിലേയും ഉദ്യോഗാർഥികൾക്കായാണ് അഭമുഖം നടത്തുന്നത്. ഒറ്റത്തവണയായി 250 രൂപ ഒടുക്കി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർഥികൾക്ക് തിരുവനന്തപുരവും മറ്റ് ജില്ല എംപ്ലോയബിലിറ്റി സെന്ററുകളും മുഖേന സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ആഴ്ചതോറും നടത്തുന്ന അഭിമുഖങ്ങൾ/ ജോബ്ഫെയർ എന്നിവയിൽ പങ്കെടുക്കാം. ആയതിനുള്ള സോഫ്റ്റ് സ്കിൽ/ കമ്പ്യൂട്ടർ പരിശീലനവും ഉദ്യോഗാർഥികൾക്ക് എംപ്ലോയബിലിറ്റി സെന്ററിൽ ലഭ്യമാക്കും. ഫോൺ: 8921916220.

# പ്രണയബന്ധത്തിൽ നിന്നും പിന്മാറാൻ വിസമ്മതിച്ചു; മകളെ കൊന്ന് മൃതദേഹം കത്തിച്ച് പിതാവ്

അമരാവതി: പ്രണയബന്ധത്തിന്റെ പേരിൽ മകളെ കൊന്ന് മൃതദേഹം കത്തിച്ച് പിതാവ്. ആന്ധ്രാപ്രദേശിലെ അനന്ത്പുരിലാണ് സംഭവം. ഗുണ്ടക്കൽ ടൗണിൽ നിന്നുള്ള ടി. രാമാഞ്ജനേയുലു(55)ആണ് മകൾ ടി. ഭാരതി (20)യെ കെട്ടിത്തൂക്കി കൊലപ്പെടുത്തിയത്.

മാർച്ച് ഒന്നിന് ഉച്ചയ്ക്ക് ഒന്നോടെ കസപുരം ഗ്രാമത്തിലെ ഒരു ഒറ്റപ്പെട്ട സ്ഥലത്ത് വച്ചാണ് ഇയാൾ കൃത്യംചെയ്തത്. കൊലപാതകം ചെയ്തിന് ശേഷം ഇയാൾ പെട്രോൾ ഒഴിച്ച് മൃതദേഹം കത്തിക്കുകയും ചെയ്തു.

ഭാരതി അഞ്ച് വർഷമായി ഒരു യുവാവുമായി പ്രണയത്തിലായിരുന്നു. ഇതേക്കുറിച്ച് അറിഞ്ഞ മാതാപിതാക്കൾ ബന്ധത്തിൽ നിന്നും പിന്മാറണമെന്ന് ഭാരതിയോട് നിർദേശിച്ചു. എന്നാൽ ഭാരതി ആത്മഹത്യാ ഭീഷണി മുഴക്കി.

മകളുടെ സ്വഭാവത്തിൽ അസ്വസ്ഥനായ പിതാവ് ഭാരതിയെ കസപുരം ഗ്രാമത്തിലെ ഒറ്റപ്പെട്ട സ്ഥലത്ത് വച്ച് മകളെ മരത്തിൽ കെട്ടിത്തൂക്കുകയായിരുന്നു. തുടർന്ന് മൃതദേഹം കത്തിക്കുകയും ചെയ്തു.

രാമാഞ്ജനേയുലുവിനെ പോലീസ് അറസ്റ്റ് ചെയ്തു. ഭാരതി കർണൂലിൽ രണ്ടാം വർഷ ബിരുദ വിദ്യാർഥിനിയാണ്. ഭാരതിയുടെ കാമുകൻ ഹൈദരാബാദിൽ ബിരുദത്തിന് പഠിക്കുകയാണ്.

# സിദ്ധാർഥന്റെ മരണം; അന്വേഷണം ഈ മാസം 31നകം പൂർത്തിയാക്കണം

കൊച്ചി: പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർഥി സിദ്ധാർഥന്റെ മരണവുമായി ബന്ധപ്പെട്ട കേസിലെ പ്രതികളായ വിദ്യാർഥികൾക്കെതിരേ നടത്തുന്ന അന്വേഷണം മാർച്ച് 31നകം സർവകലാശാല പൂർത്തിയാക്കണമെന്നു ഹൈക്കോടതി. പ്രതികളായ 17 വിദ്യാർഥികൾക്കു മണ്ണുത്തി കാമ്പസിൽ പഠനം തുടരാൻ അനുമതി നൽകിയതടക്കം 2024 ഡിസംബറിലെ സിംഗിൾ ബെഞ്ച് ഉത്തരവ് ചോദ്യം ചെയ്ത് സിദ്ധാർഥന്റെ മാതാവ് എം. ആർ. ഷീബ നൽകിയ അപ്പീൽ ഹർജിയിലാണ് ജസ്റ്റീസ് അമിത് റാവൽ, ജസ്റ്റീസ് കെ. വി. ജയകുമാർ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ നിർദേശം. സിംഗിൾബെഞ്ച് ഉത്തരവിനു നേരത്തേ പുറപ്പെടുവിച്ച സ്റ്റേ തുടരും. പ്രതികളെ കോളജിൽനിന്നു പുറത്താക്കിയതും ഡീബാർ ചെയ്തതും റദ്ദാക്കിയ സിംഗിൾ ബെഞ്ച്, ആൻറി റാഗിംഗ് സ്ക്വാഡിന്റെ അന്വേഷണത്തിന് ഉത്തരവിട്ടിരുന്നു. ഈ കേസിന്റെ അന്വേഷണപുരോഗതി കോടതി ആരാഞ്ഞു.

മേയ് 19ന് അന്വേഷണം പൂർത്തിയാകുമെന്നും അതുവരെ ഇടക്കാല സ്റ്റേ നീക്കണമെന്നും സർക്കാർ അറിയിച്ചു. എന്നാൽ അന്വേഷണം പൂർത്തിയാക്കാൻ അത്രയും സമയം അനുവദിക്കാനാകില്ലെന്നും മാർച്ച് 31നകം പൂർത്തിയാക്കണമെന്നും കോടതി നിർദേശിക്കുകയായിരുന്നു.

# പ്രണയം നടിച്ച് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയിൽ നിന്ന് 24 പവൻ കവർന്നു; യുവാവ് പിടിയിൽ

മലപ്പുറം: കോട്ടക്കലിൽ പ്രണയം നടിച്ച് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയിൽനിന്നും സ്വർണം കവർന്ന കേസിൽ യുവാവ് പിടിയിൽ. ചാപ്പനങ്ങാടി സ്വദേശി നബീറാണ് (19) അറസ്റ്റിലായത്. സാമൂഹ്യ മാധ്യമം വഴി പരിചയപ്പെട്ട പെൺകുട്ടിയുടെ 24 പവൻ സ്വർണാഭരണങ്ങളാണ് പ്രതി കവർന്നത്.

പെൺകുട്ടിയുടെ സഹോദരന്റെ ഭാര്യയുടെ ആഭരണങ്ങൾ കാണാതായതോടെയാണ് കുടുംബം പരാതി നൽകിയത്. ഇതിൽ നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്. പെൺകുട്ടി വഴി കൈക്കലാക്കിയ സ്വർണം വിൽപന നടത്തി പ്രതി ആഡംബര ജീവിതം നയിക്കുകയായിരുന്നു.

വില കൂടിയ വാഹനങ്ങൾ വാങ്ങാനും യാത്രകൾ ചെയ്യാനുമാണ് പ്രതി പ്രധാനമായും പണം ചെലവഴിച്ചതെന്നും പോലീസ് പറഞ്ഞു.

# കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

ഫുട്‌വെയർ ഡിസൈൻ ആന്റ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 12 കാമ്പസുകളിൽ നടത്തുന്ന വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഫുട്‌വെയർ ഡിസൈൻ ആന്റ് പ്രൊഡക്ഷൻ, ഫാഷൻ ഡിസൈൻ, ലെതർ, ലൈഫ് സ്റ്റൈൽ ആന്റ് പ്രോഡക്ട് ഡിസൈൻ എന്നീ വിഷയങ്ങളിൽ നാലു വർഷ ബാച്ചിലർ ഓഫ് ഡിസൈൻ കോഴ്സും, റീട്ടെയിൽ ആന്റ് ഫാഷൻ മെർക്കൻഡൈസിൽ ബി.ബി.എയും ഫുട്‌വെയർ ഡിസൈൻ ആന്റ് പ്രൊഡക്ഷൻ, ഫാഷൻ ഡിസൈൻ എന്നീ വിഷയങ്ങളിൽ മാസ്റ്റർ ഓഫ് ഡിസൈൻ കോഴ്സും റീട്ടെയിൽ ആന്റ് ഫാഷൻ മെക്കൻഡൈസിൽ എം.ബി.എക്കും പി.എച്ച്.ഡി പ്രോഗ്രാമിനുമാണ് അപേക്ഷ ക്ഷണിച്ചത്.

ഉയർന്ന തൊഴിൽ സാധ്യതയുള്ള മേൽ കോഴ്സുകളിലേയ്ക്ക് പ്രവേശന പരീക്ഷ മുഖേനയാണ് അഡ്മിഷൻ. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 300 രൂപയാണ് അപേക്ഷാ ഫീസ്. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയതി ഏപ്രിൽ 20. മേയ് 11 ന് നടക്കുന്ന പ്രവേശന പരീക്ഷയ്ക്ക് കൊച്ചിയിൽ പരീക്ഷാ കേന്ദ്രമുണ്ട്. പ്രവേശന പരീക്ഷ വിജയിക്കുന്നവർക്ക് ജൂലൈയിൽ ക്ലാസ് ആരംഭിക്കും. ഏതെങ്കിലും വിഷയത്തിൽ പ്ലസ് ടു വിജയിച്ച 2025 ജൂലൈ 1 ന് 25 വയസ്സ് കവിയാത്തവർക്ക് ബാച്ചിലർ കോഴ്സുകൾക്കും ഏതെങ്കിലും വിഷയത്തിൽ ബിരുദധാരികളായവർക്ക് പ്രായപരിധിയില്ലാതെ മാസ്റ്റേഴ്സ് കോഴ്സുകൾക്കും അപേക്ഷിക്കാം. ഫുട്‌വെയർ ഡിസൈൻ ആന്റ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്ന പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഇഗ്രാന്റ്സ് പോർട്ടൽ മുഖേന സ്കോളർഷിപ്പിനായി അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് www.fddiindia.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# ജനങ്ങളുടെ സുരക്ഷയാണ് മുഖ്യം, വന്യമൃഗങ്ങളെ കൊന്നുതീർക്കുക എന്നതല്ല പരിഹാരം: ശശീന്ദ്രൻ

കണ്ണൂർ: കരിക്കോട്ടക്കരിയിൽ പന്നിപ്പടക്കം പൊട്ടി പരിക്കേറ്റ കുട്ടിയാന ചരിഞ്ഞ സംഭവം ബോധപൂർവം സൃഷ്ടിച്ച കുറ്റകൃത്യമാണെന്ന് വനംമന്ത്രി എ. കെ. ശശീന്ദ്രൻ. നിയമപരമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടിവരുമെന്നും വന്യമൃഗശല്യത്തെ പൊതുവിൽ എങ്ങനെ നേരിടാം എന്നതിനാണ് പ്രാമുഖ്യം നൽകുന്നതെന്നും മന്ത്രി പറഞ്ഞു.

ആനയുടെ മുഖം തകർന്ന നിലയിലാണ്. അതിനെ രക്ഷിക്കാൻ കഴിയുമെന്ന് ആദ്യം കരുതിയിരുന്നില്ല. എങ്കിലും വനം വകുപ്പ് ഉദ്യോഗസ്ഥർ ആത്മാർഥമായി ശ്രമിച്ചു. സംഭവത്തിൽ കേസെടുത്ത് വനംവകുപ്പ് അന്വേഷണം നടത്തുന്നുണ്ട്.

ജനങ്ങളുടെ സുരക്ഷയും കൃഷി സംരക്ഷണവും ഭയാശങ്കകളില്ലാതെ മനുഷ്യന് ജീവിക്കാൻ കഴിയലുമാണ് മുഖ്യമായ പ്രശ്നം. അതേസമയം, നിയമം കൈയിലെടുക്കുന്ന പ്രവർത്തനത്തെ പരിഷ്കൃത സമൂഹത്തിന് അംഗീകരിക്കാൻ പറ്റില്ല. മുഖ്യപ്രശ്നം ജനങ്ങളുടെ സുരക്ഷയാണ്. വന്യമൃഗങ്ങളെ കൊന്നുതീർക്കുക എന്നതല്ല. ആവാസ വ്യവസ്ഥയുമായി പൊരുത്തപ്പെടുന്ന വിധത്തിലുള്ള പരിഷ്കൃത രീതിയിലുള്ള പരിപാടികൾ ആവിഷ്കരിച്ച് അവയെയും വനത്തേയും സംരക്ഷിക്കുകയും വേണം. ഇരുതലമൂർച്ചയുള്ള ഈ കടമകൾ ഒരേ സമയത്ത് നിർവഹിക്കേണ്ടി വരുന്നതിലെ പ്രയാസം കൂടി ജനങ്ങൾ മനസിലാക്കണമെന്നും ശശീന്ദ്രൻ പറഞ്ഞു.

# വിവിധ തസ്തികകളിൽ അഭിമുഖം

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലായി ട്യൂട്ടർ / ഡെമോൺസ്ട്രേറ്റർ, ജൂനിയർ റസിഡന്റ് തസ്തികകളിൽ മാർച്ച് 10 ന് അഭിമുഖം നടക്കും. എം ബി ബി എസ് യോഗ്യതയും ടി സി എം സി / കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ സ്ഥിര രജിസ്ട്രേഷനുമുള്ള ഡോക്ടർമാർക്ക് അഭിമുഖത്തിൽ പങ്കെടുക്കാം. താല്പര്യമുള്ള ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്, പ്രവൃത്തി പരിചയം തെളിയിക്കുന്ന സാക്ഷ്യപത്രം, ആധാർ, പാൻ, വയസ് തെളിയിക്കുന്ന അസൽ രേഖകൾ സഹിതം മാർച്ച് 10 ന് രാവിലെ 11 മണിക്ക് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ അഭിമുഖത്തിന് ഹാജരാകണം.

# 605 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 605 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം മാർച്ച് 11ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്-1/57/2025ഫിൻ. തിയതി 06.03.2025) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.

# ജർമ്മൻ ആരോഗ്യ മേഖലയിലെ ഒഴിവുകൾ പ്രയോജനപ്പെടുത്താൻ സജ്ജരാകണം: അജിത് കോളശേരി

ജർമ്മനിയിൽ ആരോഗ്യ മേഖലയിൽ നഴ്സുമാർ ഉൾപ്പെടെ ആരോഗ്യപ്രവർത്തകരുടെ ഒഴിവുകൾ പ്രയോജനപ്പെടുത്തുന്നതിന് സജ്ജരാകണമെന്ന് നോർക്ക റൂട്ട്സ് സിഇഒ അജിത് കോളശേരി പറഞ്ഞു. പ്ലസ്ടുവിനു ശേഷം ജർമ്മനിയിൽ സ്റ്റൈപ്പന്റോടെ നഴ്സിങ് പഠനത്തിനും തുടർന്ന് ജോലിക്കും അവസരമൊരുക്കുന്ന നോർക്ക റൂട്ട്സ് ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാമിന്റെ ഭാഗമായി തിരുവനന്തപുരത്തെ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ഹാളിൽ സംഘടിപ്പിച്ച ഇൻഫോ സെഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നോർക്ക റൂട്ട്സ് ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാമിൽ പഠനത്തിനും തൊഴിൽ പരിശീലനത്തിനുമൊപ്പം പ്രഫഷനിൽ കൂടുതൽ മികവും നേട്ടങ്ങളും കൈവരിക്കുന്നതിനും അവസരമുണ്ട്. ആശുപത്രിയിലും കെയർഹോമിലും പരിശീലനം ലഭിക്കുമെന്നത് നഴ്സിങ് പ്രഫഷനിൽ നേട്ടമാകുമെന്നും അദ്ദേഹം പറഞ്ഞു. ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയുടെ ഇന്റർനാഷണൽ പ്ലേസ്മെന്റ് സർവീസ്(ഇസഡ് എ വി) പ്രതിനിധികളായ ലോറ, ഖാലിദ് എന്നിവർ ക്ലാസ് നയിച്ചു. മാതാപിതാക്കളുടെയും ഉദ്യോർഥികളുടെയും സംശയങ്ങൾക്ക് ഇരുവരും മറുപടി നൽകി. നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് മാനേജർ പ്രകാശ് പി ജോസഫ് പദ്ധതി വിശദീകരിച്ചു. ഇതോടൊപ്പം ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാമിന്റെ രണ്ടാംബാച്ചിലേയ്ക്ക് ഒഴിവുള്ള 20 സ്ലോട്ടുകളിലേയ്ക്കുള്ള സർട്ടിഫിക്കറ്റ് വെരിക്കേഷനും നടന്നു. സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് മാർച്ച് ആറു മുതൽ 11 വരെ നടക്കുന്ന അഭിമുഖങ്ങളിലും പങ്കെടുക്കാൻ അവസരമുണ്ടാകും. ജർമ്മൻ ഭാഷയിൽ ബി വൺ അല്ലെങ്കിൽ ബി ടൂ ലെവൽ പാസായവർക്കാണ് പ്രോഗ്രാമിൽ പങ്കെടുക്കാൻ അവസരം. നോർക്ക മുഖേന നടത്തുന്ന ഈ പ്രോഗ്രാം പൂർണ്ണമായും സൗജന്യമാണ്. നോർക്ക റൂട്ട്സും ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയും ജർമ്മൻ ഏജൻസി ഫോർ ഇന്റർനാഷണൽ കോഓപ്പറേഷനും സംയുക്തമായാണ് ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാം സംഘടിപ്പിക്കുന്നത്.

# ജയശങ്കറിന്റെ വാഹനത്തിനു നേരെയുണ്ടായ ആക്രമണത്തെ അപലപിച്ച് ഇന്ത്യ

ന്യൂഡൽഹി: കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിന്റെ വാഹനത്തിനു നേരെ ലണ്ടനിൽവച്ചുണ്ടായ ആക്രമണത്തെ അപലപിച്ച് ഇന്ത്യ. പ്രകോപനപരമായ നടപടിയാണ് തീവ്രവാദ വിഘടനവാദി ഗ്രൂപ്പുകളുടേതെന്ന് ഇന്ത്യ പറഞ്ഞു. ബ്രിട്ടൻ ഇക്കാര്യത്തിൽ നടപടി എടുക്കണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു. ഖലിസ്ഥാൻ വിഘടനവാദികളാണ് വാഹനം ആക്രമിക്കാൻ ശ്രമിച്ചത്. ഒരാൾ ജയശങ്കറിന്റെ കാറിനുനേരേ പാഞ്ഞടുക്കുകയും ഇന്ത്യൻ പതാക കീറിയെറിയുകയുമായിരുന്നു. ലണ്ടനിലെ ഛതം ഹൗസിൽ ഒരു പരിപാടിയിൽ പങ്കെടുത്തു മടങ്ങുമ്പോഴായിരുന്നു സംഭവം. വേദിക്കു പുറത്ത് ഖലിസ്ഥാൻ അനുകൂലികൾ പ്രതിഷേധ മുദ്രാവാക്യവും മുഴക്കി.

സംഭവത്തിന്റെ വീഡിയോ ഓൺലൈനിൽ പ്രചരിച്ചു. ഒരാൾ ആക്രമണോത്സുകനായി പാഞ്ഞടുത്തിട്ടും സ്ഥലത്തുണ്ടായിരുന്ന സുരക്ഷാ ഉദ്യോഗസ്ഥർ നടപടിയെടുക്കാൻ ആദ്യം മടിച്ചുനിൽക്കുകയായിരുന്നു. പിന്നീടു പോലീസ് ഇടപെട്ട് അക്രമിയെയും ഇയാൾക്കൊപ്പമുണ്ടായിരുന്നവരെയും പിടിച്ചുകൊണ്ടുപോയി. മന്ത്രി യാത്ര തുടരുകയുംചെയ്തു.

അഞ്ച് ദിവസത്തെ സന്ദർശനത്തിനായാണ് കേന്ദ്രമന്ത്രി ബുധനാഴ്ച ലണ്ടനിലെത്തിയത്. ഇരുരാജ്യങ്ങളും തമ്മിലുള്ള നയതന്ത്രബന്ധം ശക്തിപ്പെടുത്തുകയാണു സന്ദർശനലക്ഷ്യം. ലണ്ടനിലെത്തിയ ജയശങ്കർ, ചെവനിംഗ് ഹൗസിൽ യുകെ വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലാമിയുമായി ചർച്ചകൾ നടത്തി, തന്ത്രപരമായ ഏകോപനം, രാഷ്ട്രീയ സഹകരണം, വ്യാപാര ചർച്ചകൾ, വിദ്യാഭ്യാസം, സാങ്കേതികവിദ്യ, മൊബിലിറ്റി, ജനങ്ങൾ തമ്മിലുള്ള വിനിമയം എന്നിവയുൾപ്പെടെ നിരവധി ഉഭയകക്ഷി വിഷയങ്ങൾ ചർച്ച ചെയ്തു.

# കുത്തക ടയർ കന്പനികളുടെ ചൂഷണ കേസ്; കക്ഷിചേരാൻ കർഷകർക്ക് സുപ്രീം കോടതി അനുമതി

ന്യൂഡൽഹി: റബർ വില ഇടിക്കുന്നതിനായി കുത്തക ടയർ കന്പനികൾ ഒത്തുകളിച്ചതിന് കോന്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ചുമത്തിയ പിഴയ്ക്കെതിരേ ടയർ കന്പനികൾ നൽകിയ ഹർജിയിൽ കക്ഷി ചേരാൻ കർഷകർക്കും കേരള കർഷക സംഘത്തിനും സുപ്രീംകോടതി അനുമതി. എംആർഎഫ്, അപ്പോളോ, സിയറ്റ്, ബിർള, ജെകെ ടയേഴ്സ് എന്നിവരുടെ നേതൃത്വത്തിലുള്ള ടയർ കാർട്ടൽ നടത്തുന്ന കർഷക ചൂഷണത്തിനെതിരേയുള്ള പോരാട്ടത്തിന് സുപ്രീംകോടതി നിർദേശം ശക്തി പകരുമെന്ന് അഖിലേന്ത്യാ കിസാൻ സഭ ചൂണ്ടിക്കാട്ടി. ടയർ വ്യവസായത്തിലെ കാർട്ടലൈസേഷനും വില കൃത്രിമത്വവും ആരോപിച്ച് പിഴ ചുമത്തിയ കന്പനികളിലൊന്നായ എംആർഎഫ് ലിമിറ്റഡ് സമർപ്പിച്ച അപ്പീലിൽ സുപ്രീംകോടതി കോന്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യയോട് (സിസിഐ) പ്രതികരണം തേടി. ഒരു ദശാബ്ദത്തിലേറെ മുന്പ് ആരംഭിച്ച കേസിൽ, 2018 ഓഗസ്റ്റിലാണു പ്രധാന ടയർ കന്പനികൾക്ക് സിസിഐ പിഴ ചുമത്തിയത്. എന്നാൽ, നാഷണൽ കന്പനി ലോ അപ്പലേറ്റ് ട്രൈബ്യൂണൽ 2022 ഡിസംബറിൽ ഉത്തരവ് റദ്ദാക്കി. പിശകുകൾ ചൂണ്ടിക്കാട്ടി പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ സിസിഐയോടു നിർദേശിക്കുകയും ചെയ്തു. വിപണിയിലെ മൽസരം ഒഴിവാക്കാൻ കുത്തക കന്പനികളുടെ നീക്കങ്ങൾ നിയന്ത്രിക്കുന്നതിനു കേന്ദ്രസർക്കാർ രൂപം നൽകിയതാണു കോന്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ. സ്വാഭാവിക റബർ വിലയിടിച്ച് കൊള്ളലാഭം നേടാനും കർഷകരെ ചൂഷണം ചെയ്യാനും വൻകിട സ്വകാര്യ ടയർ കന്പനികൾ ഒത്തുകളിച്ചതായി കണ്ടെത്തി 2018ലാണ് ദേശീയ കോന്പറ്റീഷൻ കമ്മീഷൻ (സിസിഐ) 1,788 കോടി രൂപ പിഴയിട്ടത്. എംആർഎഫിന് 622.09 കോടിയും അപ്പോളോ ടയേഴ്സിന് 425.53 കോടിയും ജെകെ ടയറിന് 309.95 കോടിയും സിയറ്റ് കന്പനിക്ക് 252.16 കോടിയും ബിർല ടയേഴ്സിന് 178.33 കോടിയുമായിരുന്നു പിഴ. ടയർ ഉത്പാദക കന്പനികളുടെ അസോസിയേഷനായ എടിഎംഎക്കും 8.4 കോടി രൂപ സിസിഐ പിഴ ചുമത്തി.

# യുക്രെയ്ന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അമേരിക്കൻ മെത്രാൻ സമിതി

വാഷിംഗ്ടൺ ഡിസി: റഷ്യൻ അധിനിവേശ ആക്രമണങ്ങൾക്കിടയിൽനിന്നു കരകയറാൻ പാടുപെടുന്ന യുക്രെയ്ന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അമേരിക്കൻ മെത്രാൻ സമിതി.

അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംപും യുക്രെയ്ൻ പ്രസിഡന്റ് സെലൻസ്കിയും തമ്മിൽ വെള്ളിയാഴ്ച വൈറ്റ് ഹൗസിൽ നടന്ന ചർച്ച അലസിപ്പിരിഞ്ഞിരുന്നു. ഇതിന് പിന്നാലെയാണ് യുക്രെയ്ന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് യുഎസ് മെത്രാൻ സമിതി അധ്യക്ഷൻ ആർച്ച്ബിഷപ് തിമോത്തി ബ്രോഗ്ലിയോ രംഗത്ത് വന്നിരിക്കുന്നതെന്നത് ശ്രദ്ധേയമാണ്.പ്രാർഥനയുടെയും പ്രായശ്ചിത്തത്തിന്റെയും ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും സമയമായ വിശുദ്ധ നോമ്പുകാലം ആരംഭിക്കുമ്പോൾ യുക്രെയ്നിലെ രക്തസാക്ഷികളായ ജനങ്ങളോടുള്ള ഐക്യദാർഢ്യത്തിൽ ഫ്രാൻസിസ് മാർപാപ്പയോടൊപ്പം ചേരുകയാണെന്ന് ആർച്ച്ബിഷപ് പറഞ്ഞു.റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനെയോ യുക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കിയെയോ പേരെടുത്ത് പറയാതെ, റഷ്യൻ അധിനിവേശ പ്രദേശങ്ങളിൽ കത്തോലിക്കാ സഭയെ പീഡിപ്പിക്കുന്നതിനെയും യുക്രെയ്ൻ സർക്കാർ യുക്രേനിയൻ ഓർത്തഡോക്സ് സഭയെ (മോസ്കോ പാത്രിയാർക്കേറ്റ്) അടിച്ചമർത്തുന്നതിനെയും ആർച്ച്ബിഷപ് ബ്രോഗ്ലിയോ അപലപിച്ചു.കത്തോലിക്കരായ നമുക്ക്, യുക്രെയ്നിലെ കഴിഞ്ഞകാല അധിനിവേശങ്ങൾ രാജ്യത്ത് കത്തോലിക്കാ സഭയെ പല തരത്തിലുള്ള അടിച്ചമർത്തലുകൾക്ക് വിധേയമാക്കിയിട്ടുണ്ടെന്ന് നന്നായി അറിയാം; നമ്മുടെ സഹോദരീസഹോദരന്മാരെ വീണ്ടും രഹസ്യമായി പീഡിപ്പിക്കുന്നതിന് നാം അനുവദിക്കരുത്. എല്ലാ യുക്രെയ്ൻകാരുടെയും മതസ്വാതന്ത്ര്യത്തെ മാനിക്കണമെന്ന ഫ്രാൻസിസ് മാർപാപ്പയുടെ അഭ്യർഥന താൻ ആവർത്തിക്കുന്നുവെന്നും ആർച്ച്ബിഷപ് പറഞ്ഞു.ഒരു ക്രൈസ്തവ സഭയും നേരിട്ടോ അല്ലാതെയോ തടയപ്പെടരുത്. ദേവാലയങ്ങൾ അക്രമത്തിന് ഇരയാക്കരുത്. വിഭൂതി ബുധനാഴ്ച ആചരണത്തിൽ ലഭിക്കുന്ന തുക യുക്രെയ്ൻ ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ സഭയ്ക്ക് പ്രയോജനകരമാകുമെന്നും അമേരിക്കയിലെ കത്തോലിക്കർ, യുക്രെയ്ന്റെ സമാധാനത്തിനായി പ്രാർത്ഥിക്കണമെന്നും അമേരിക്കൻ മെത്രാൻ സമിതി പ്രസിഡന്റ് ആഹ്വാനം ചെയ്തു.

# കന്നുകാലികളെ കൊണ്ടുപോയവരെ തല്ലിച്ചതച്ച് കനാലിലെറിഞ്ഞു; ഒരാൾ കൊല്ലപ്പെട്ടു

ചണ്ഡീഗഡ്: ഹരിയാനയിൽ ഗോസംരക്ഷകരുടെ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടു. പതിനൊന്ന സംഘമാണ് ആക്രമണം നടക്കിയത്. രണ്ടു പേരെ ക്രൂരമായി മർദിച്ചശേഷം കനാലിലേക്ക് എറിയുകയായിരുന്നു. ഇവരിൽ ഒരാളാണ് കൊല്ലപ്പെട്ടത്. ഫെബ്രുവരി 22നായിരുന്നു സംഭവം.

രാജസ്ഥാനിൽനിന്നു ലക്നോവിലേക്കു കന്നുകാലികളുമായ പോയ ട്രക്ക് വഴിതെറ്റി ഹരിയാനയിലെ പൽവാലിൽ എത്തുകയായിരുന്നു. ബൈക്കിലെത്തിയ അക്രമികൾ ഡ്രൈവറെയും സഹായിയെയും ക്രൂരമായി മർദിച്ചശേഷം കനാലിലെറിയുകയായിരുന്നു.

ഡ്രൈവർ ബാൽകിഷൻ രക്ഷപ്പെട്ടു. സഹായി സന്ദീപിന്റെ മൃതദേഹം ഞായറാഴ്ച കനാലിൽനിന്നു കണ്ടെടുത്തു. സന്ദീപിനു ഗുരുതര പരിക്കുകളേറ്റുവെന്നു പോസ്റ്റ്മോർട്ടത്തിൽ വ്യക്തമായി. അക്രമിസംഘത്തിലുണ്ടായിരുന്ന ദേവ്‌രാജ്, നിഖിൽ, നരേഷ്, പവൻ, പങ്കജ് എന്നിവരെ അറസ്റ്റ് ചെയ്തു.

കടൽ മണൽ ഖനന പദ്ധതി ജനകീയ ചർച്ചയില്ലാതെ നടപ്പാക്കരുത് ഭൗമ ശാസ്ത്രജ്ഞൻ ഡോക്ടർ പത്മലാൽ.മല്ലപ്പള്ളി തുരുത്തിക്കാട്:കടൽ മണൽ ഖനനത്തിനു മുമ്പ് ഗൗരവമായ ജനകീയ ചർച്ച ആവശ്യമാണെന്ന് പ്രമുഖ ഭൗമ ശാസ്ത്രജ്ഞൻ ഡോ ഡി പത്മലാൽ കേരളത്തിന്റെ പരിസ്ഥിതി ആരോഗ്യം തിരിച്ചുപിടിക്കേണ്ട കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു പമ്പാ പരിരക്ഷ സമിതി മുൻ ജനറൽ സെക്രട്ടറി എൻ കെ സുകുമാരൻ നായരുടെ അനുസ്മരണ സമ്മേളനത്തോടനുബന്ധിച്ച്

തുരുത്തിക്കാട് ബി എ എം കോളജിൽ നടന്ന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പരിസ്ഥിതി രംഗത്തെ സംഭാവനകൾ പരിഗണിച്ചുകൊണ്ട് ഉള്ള പുരസ്കാരം മുൻ എംഎൽഎ ജോസഫ് എം പുതുശ്ശേരി ഏറ്റുവാങ്ങി. ബി എ എം കോളജ് മാനേജർ ഡോ മാത്യുപി ജോസഫ് ഉദ്ഘാടനം ചെയ്തു.

ഡോ ജോസ് പാറക്കടവിൽ, പ്രിൻസിപ്പാൾ ഡോ അനീഷ് കുമാർ ജി എസ്, ഡോ വർഗീസ് മാത്യു,ഡോ തോംസൺ കെ അലക്സ്, ജോർജ് കുന്നപ്പുഴ,അനിൽ സുകുമാരൻ നായർ, വർഗീസ് സി തോമസ്, നമിത മേരി മാത്യു എന്നിവർ പ്രസംഗിച്ചു.

# 20 ലക്ഷം ശിശുക്കളുടെ ജീവൻ രക്ഷിച്ച രക്തദാതാവ് ജയിംസ് ഹാരിസൺ അന്തരിച്ചു

സിഡ്നി: പ്രമുഖ രക്തദാതാവ് ജയിംസ് ഹാരിസൺ (88) ഓസ്ട്രേലിയയിൽ അന്തരിച്ചു. അത്യപൂർവ 'ആൻറിഡി' എന്ന ആൻറിബോഡിയാൽ സന്പന്നമായിരുന്ന ഇദ്ദേഹത്തിന്റെ രക്തം 20 ലക്ഷത്തിലധികം ശിശുക്കളുടെ ജീവൻ രക്ഷിച്ചിട്ടുണ്ട്. ന്യൂ സൗത്ത് വേൽസ് സംസ്ഥാനത്തെ നഴ്സിംഗ് ഹോമിൽ ഉറക്കത്തിനിടെയായിരുന്നു അന്ത്യമെന്ന് കുടുംബം അറിയിച്ചു.മാതാവിന്റെ രക്തം ഗർഭസ്ഥശിശുവിനെ ആക്രമിക്കുന്ന 'എച്ച്ഡിഎഫ്എൻ' രോഗാവസ്ഥയ്ക്കുള്ള മരുന്ന് ഉത്പാദിപ്പിക്കാനാണ് 'ആൻറിഡി' ഉപയോഗിക്കുന്നത്. മാതാവിന്റെ അരുണരക്താണുക്കൾ ശിശുവിന്റെ അരുണരക്താണുക്കളുമായി പൊരുത്തപ്പെടാതെ വരുന്പോഴാണ് എച്ച്ഡിഎഫ്എൻ ഉണ്ടാകുന്നത്.

അമ്മയുടെ ശരീരത്തിലെ പ്രതിരോധവ്യവസ്ഥ കുഞ്ഞിന്റെ രക്തകോശങ്ങളെ ശത്രുവായി കണ്ട് അതിനെ ആക്രമിക്കാനുള്ള ആൻറിബോഡികൾ ഉത്പാദിപ്പിച്ചു തുടങ്ങും. ഇതു മൂലം കുഞ്ഞിന് വിളർച്ചയോ ഹൃദയസ്തംഭനമോ മരണമോ സംഭവിക്കാം. 1960കളിൽ ആൻറിഡി ചികിത്സ പ്രയോഗത്തിൽ വരുന്നതിനു മുന്പ് എച്ച്ഡിഎഫ്എൻ സ്ഥിരീകരിക്കപ്പെടുന്ന രണ്ടു ശിശുക്കളിൽ ഒരാൾ മരിക്കുമായിരുന്നു.

ജയിംസ് ഹാരിസൺ 14 ാം വയസിൽ മേജർ ശസ്ത്രക്രിയയ്ക്കു വിധേയനായതോടെയാണ് രക്തം ദാനം ചെയ്യാൻ തീരുമാനമെടുത്തത്. 18ാം വയസിൽ ആരംഭിച്ച രക്തദാനം 81 വയസു വരെ തുടർന്നു. വളരെക്കുറച്ചു പേരിലേ 'ആൻറിഡി' ആൻറിബോഡി കണ്ടെത്തിയിട്ടുള്ളൂ. ഓസ്ട്രേലിയയിൽ നിലവിൽ ഇരുന്നൂറിൽ താഴെ ദാതാക്കളേയുള്ളൂ.

# മാർപാപ്പയുടെ ആരോഗ്യസ്ഥിതിയിൽ മാറ്റമില്ലെന്ന് വത്തിക്കാൻ

വത്തിക്കാൻ സിറ്റി: റോമിലെ ജെമെല്ലി ആശുപത്രിയിൽ ചികിത്സയിൽ തുടരുന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആരോഗ്യസ്ഥിതിയിൽ കാര്യമായ വ്യതിയാനങ്ങളില്ലെന്ന് വത്തിക്കാൻ. മാർപാപ്പ കഴിഞ്ഞ രാത്രിയിൽ നന്നായി വിശ്രമിച്ചുവെന്നും രാവിലെ എട്ടോടെ ഉറക്കമുണർന്നുവെന്നും വത്തിക്കാൻ പ്രസ് ഓഫീസ് അറിയിച്ചു.

കഴിഞ്ഞ ദിവസങ്ങളിൽ മാർപാപ്പയ്ക്ക് ശ്വാസതടസവും ശ്വാസകോശ മസിലുകൾ കോച്ചുന്നതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകളും അനുഭവപ്പെട്ടിരുന്നെങ്കിലും ചൊവ്വാഴ്ച ഇത്തരം ബുദ്ധിമുട്ടുകൾ ഉണ്ടായില്ല. ന്യുമോണിയ ബാധയുടെ ഫലമായി ശ്വാസകോശ മസിലുകൾ അനിയന്ത്രിതമായി സങ്കോചിക്കുന്നതിനുള്ള സാധ്യതകൾ ഡോക്ടർമാർ പൂർണമായും തള്ളിക്കളഞ്ഞിട്ടില്ല.

കഴിഞ്ഞദിവസവും മാർപാപ്പയ്ക്ക് ശ്വാസകോശ ഫിസിയോതെറാപ്പി തുടർന്നു. ഹൃദയത്തിന്റെയും വൃക്കയുടെയും പ്രവർത്തനം തൃപ്തികരമാണ്. മാർപാപ്പയുടെ നിലവിലെ അവസ്ഥ ആശ്വാസകരമാണെങ്കിലും മൊത്തത്തിലുള്ള ആരോഗ്യസ്ഥിതി സങ്കീർണമായി തുടരുകയാണെന്നും വത്തിക്കാൻ അറിയിച്ചു.

അതേസമയം, ഇന്നലെ റോമിലെ സാന്താ സാബിന ബസിലിക്കയിൽ നടന്ന വിഭൂതി തിരുക്കർമ്മങ്ങളിൽ മാർപാപ്പയ്ക്കു പകരം കർദിനാൾ ആഞ്ചലോ ദെ ദൊനാത്തിസ് മുഖ്യകാർമികത്വം വഹിച്ചു.

# കന്നുകാലിരോഗ നിയന്ത്രണം: 3880 കോടിയുടെ പദ്ധതിക്ക് അനുമതി

ന്യൂഡൽഹി: കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങളുടെ നിയന്ത്രണത്തിനും പ്രതിരോധത്തിനുമായി 3880 കോടി രൂപ അനുവദിക്കാൻ കേന്ദ്രമന്ത്രിസഭാ യോഗം തീരുമാനിച്ചു. കന്നുകാലി ആരോഗ്യ-രോഗനിയന്ത്രണ പദ്ധതിക്ക് (എൽഎച്ച്ഡിസിപി) രണ്ടു വർഷത്തേക്കാണ് തുക അനുവദിച്ചിരിക്കുന്നത്. കന്നുകാലികൾക്കും വളർത്തുപക്ഷികൾക്കുമായുള്ള വാക്സിനേഷൻ, വെറ്ററിനറി അടിസ്ഥാനസൗകര്യങ്ങളുടെ ശക്തിപ്പെടുത്തൽ, രോഗനിരീക്ഷണം എന്നിവയിലൂടെ മൃഗാരോഗ്യമേഖലയെ മെച്ചപ്പെടുത്തുക എന്നതാണു പദ്ധതിയുടെ ലക്ഷ്യം. ദേശീയ മൃഗരോഗ നിയന്ത്രണ പദ്ധതി (എൻഎഡിസിപി), കന്നുകാലി ആരോഗ്യ-രോഗ നിയന്ത്രണം, വെറ്ററിനറി മെഡിക്കൽ ഷോപ്പ് (പശു ഔഷധി) എന്നിങ്ങനെ മൂന്നു ഘടകങ്ങളാണ് പദ്ധതിയിലുള്ളത്. കന്നുകാലികളുടെ ഉത്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്ന രോഗങ്ങൾ എൽഎച്ച്ഡിസിപിക്കു കീഴിലെ പ്രതിരോധ കുത്തിവയ്പിലൂടെ തടയാൻ കഴിയും. പദ്ധതി ഉത്പാദനക്ഷമത മെച്ചപ്പെടുത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഗ്രാമീണമേഖലയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും കന്നുകാലികളിലെ രോഗത്തെത്തുടർന്നുള്ള കർഷകരുടെ സാന്പത്തികനഷ്ടം തടയുകയും ചെയ്യുമെന്ന് കേന്ദ്രം അറിയിച്ചു.

# ബിഹാർ തെരഞ്ഞെടുപ്പിന് ശേഷം നിതീഷ് കുമാർ എൻഡിഎ വിടും: പ്രശാന്ത് കിഷോർ

പാറ്റ്ന: ഈ വർഷം നടക്കാനിരിക്കുന്ന ബിഹാർ നിയമസഭ തെരഞ്ഞെടുപ്പിന് ശേഷം നിതീഷ് കുമാർ എൻഡിഎ വിടുമെന്ന് തെരഞ്ഞെടുപ്പ് തന്ത്രഞ്ജനും ജൻ സുരാജ് പാർട്ടി സ്ഥാപകനുമായ പ്രശാന്ത് കിഷോർ. തെരഞ്ഞെടുപ്പിന് ശേഷം ആര് മുഖ്യമന്ത്രിയായാലും നിതീഷ് കുമാർ മുഖ്യമന്ത്രി ആകില്ലെന്നും പ്രശാന്ത് പറഞ്ഞു.

'ജെഡിയു തകർച്ചയുടെ വക്കിലാണ്. മുഖ്യമന്ത്രി നിതീഷ് കുമാർ പോലും തെരഞ്ഞെടുപ്പിൽ പരാജയപ്പെടാനാണ് സാധ്യത. അത്രത്തോളം ജനങ്ങൾക്ക് അദ്ദേഹത്തേയും പാർട്ടിയേയും മടുത്തു. അതുകൊണ്ടാണ് ബിജെപി അദ്ദേഹത്തെ എൻഡിഎയുടെ മുഖ്യമന്ത്രി സ്ഥാനാർഥിയായി ഉയർത്തിക്കാട്ടാത്തത്.' പ്രശാന്ത് കിഷോർ പറഞ്ഞു.

മുഖ്യമന്ത്രി സ്ഥാനത്തിനായി നിതീഷ് എന്തും ചെയ്യുന്ന ആളാണ്. ബിജെപിയുടെ കൂടെ തെരഞ്ഞെടുപ്പിൽ മത്സരിച്ചാലും തെരഞ്ഞെടുപ്പിന് ശേഷം അദ്ദേഹം മുന്നണി വിടുമെന്നും പ്രശാന്ത് പറഞ്ഞു.

# വിവരാവകാശ നിയമത്തെ ദുർബലപ്പെടുത്താൻ കേന്ദ്രം ശ്രമിക്കുന്നു: ഖാർഗെ

ന്യൂഡൽഹി: ഡാറ്റാ സംരക്ഷണത്തിന്റെ പേരിൽ മോദി സർക്കാർ വിവരാവകാശ നിയമത്തെ (ആർടിഐ) ദുർബലപ്പെടുത്തുന്നുവെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. കഴിഞ്ഞ കുറേ വർഷങ്ങളായി തെറ്റായ വിവരങ്ങൾ നല്കുന്നതിൽ ഇന്ത്യ മുൻപന്തിയിലാണ്. വിവരാവകാശ നിയമത്തെ ദുർബലപ്പെടുത്താൻ മോദി സർക്കാർ ശ്രമിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതികളുടെ ഗുണഭോക്താക്കൾ, പൊതുക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ട ആളുകളുടെ പേരുവിവരങ്ങൾ, വോട്ടർപട്ടിക, സർക്കാർ ബാങ്കുകളിൽനിന്ന് പണം വായ്പയെടുത്ത് വിദേശ രാജ്യങ്ങളിലേക്ക് കടക്കുന്ന ശതകോടീശ്വരന്മാർ തുടങ്ങി പൊതുസഞ്ചയത്തിൽ ലഭ്യമാകേണ്ട വിവരങ്ങൾ ഒന്നും ഡാറ്റാ സംരക്ഷണത്തിന്റെ പേരിൽ കേന്ദ്ര സർക്കാർ പുറത്തുവിടില്ല. യുപിഎ സർക്കാർ നടപ്പാക്കിയ ആർടിഐ നിയമത്തിൽ ഡാറ്റാ സംരക്ഷണം ഇതിനോടകം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഖാർഗെ സമൂഹമാധ്യമമായ എക്സിൽ കുറിച്ച പോസ്റ്റിൽ വ്യക്തമാക്കി.

# ചോദ്യപേപ്പർ ചോർച്ച; ഒളിവിലായിരുന്ന പ്രതി ഷുഹൈബ് കീഴടങ്ങി

കോഴിക്കോട്: ക്രിസ്മസ് പരീക്ഷാ ചോദ്യപേപ്പർ ചോർന്ന സംഭവത്തിലെ ഒന്നാം പ്രതി എംഎസ് സൊല്യൂഷൻസ് സിഇഒ മുഹമ്മദ് ഷുഹൈബ് കീഴടങ്ങി. മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളിയതിന് പിന്നാലെ കോഴിക്കോട് ക്രൈംബ്രാഞ്ച് ഓഫീസിലെത്തി കീഴടങ്ങുകയായിരുന്നു. അതേസമയം ചോദ്യപേപ്പർ ചോർച്ചയുടെ ഉറവിടം ക്രൈംബ്രാഞ്ച് സംഘം കണ്ടെത്തിയിരുന്നു. അൺ എയ്ഡഡ് സ്കൂളിലെ പ്യൂൺ ആണ് ചോദ്യപേപ്പർ ചോർത്തി നൽകിയതെന്നാണ് കണ്ടെത്തൽ. ഇയാളെ അന്വേഷണസംഘം അറസ്റ്റ് ചെയ്തിരുന്നു. മലപ്പുറം സ്വദേശി അബ്ദുൽ നാസറാണ് പിടിയിലായത്. ഇയാളെ വിശദമായി ചോദ്യം ചെയ്യും. ഇയാൾ എംഎസ് സൊല്യൂഷൻസ് അധ്യാപകൻ ഫഹദിന് ചോദ്യപേപ്പർ ചോർത്തി നൽകുകയായിരുന്നു.

# പീഡന ശ്രമം തടഞ്ഞ യുവതിയെ കൗമാരക്കാരൻ കുത്തി വീഴ്ത്തി; പ്രതി പിടിയിൽ

മുംബൈ: മഹാരാഷ്ട്രയിൽ പീഡനശ്രമം തടഞ്ഞ യുവതിയെ കൗമാരക്കാരൻ കുത്തിവീഴ്ത്തി. ഛത്രപതി സംഭാജിനഗർ ജില്ലയിലെ ഗാർഡൻ മേഖലയിലാണ് സംഭവം. 19കാരനായ അഭിഷേക് നവ്പുതെയാണ് കേസിലെ പ്രതി. സംഭവത്തിൽ ഗുരുതര പരിക്കേറ്റ 36കാരി ആശുപത്രിയിൽ ചികിത്സയിലാണ്. കഴിഞ്ഞ കുറേ കാലമായി നവ്പുതെ യുവതിയെ ശല്യം ചെയ്തിരുന്നതായി പോലീസ് പറയുന്നു. ഞായറാഴ്ച ഒരു പാടത്ത് ജോലി ചെയ്യുന്നതിനിടെയാണ് ഇയാൾ യുവതിയെ പീഡിപ്പിക്കാൻ ശ്രമിച്ചത്. എന്നാൽ യുവതി പ്രതിരോധിച്ചപ്പോൾ ഇയാൾ കൈവശമുണ്ടായിരുന്ന കത്തി ഉപയോഗിച്ച് നിരവധി തവണ ആക്രമിച്ചു. പിന്നീട് യുവതി മരിച്ചുവെന്ന് കരുതി പ്രതി ഓടിരക്ഷപെടുകയായിരുന്നു. അബോധാവസ്ഥയിൽ കിടന്ന യുവതിയെ ഭർതൃമാതാവാണ് ആശുപത്രിയിലെത്തിച്ചത്. യുവതിയുടെ ശരീരത്ത് വെട്ടേറ്റ15 ഓളം പാടുകളുണ്ട്. തിങ്കളാഴ്ച രാത്രിയോടെ ഇവർക്ക് ബോധംവരികയും സംഭവത്തെക്കുറിച്ച് പോലീസിനോട് പറയുകയുമായിരുന്നു. ചൊവ്വാഴ്ച ഒരു ഫാമിൽ നിന്ന് നവ്പുതയെ പോലീസ് പിടികൂടി അറസ്റ്റ് ചെയ്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

